**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നമ്പർ : 1123** **10.06.2019-ൽ മറുപടിയ്ക്ക്**

**മാനന്തവാടിയിലെ ജനമൈത്രി എക്സൈസ് പ്രവർത്തനങ്ങൾ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ. ഒ.ആർ.കേളു** | **ശ്രീ. ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും എക്സൈസും വകുപ്പുമന്ത്രി** |
| (എ) വയനാട് ജില്ലയിൽ മാനന്തവാടിയിൽ പ്രവർത്തിക്കുന്ന ജനമൈത്രി എക്സൈസ് നാളിതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) മാനന്തവാടി ജനമൈത്രി എക്സൈസ് സ്ക്വാഡ് ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ച് വരുന്നതോടൊപ്പം കോളനി സന്ദർശനങ്ങൾ നടത്തുകയും, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും പ്രളയ കാലഘട്ടത്തിൽ ദുരിതാശ്വാസ ക്യാംപുകളിൽ വസ്ത്രം/ഭക്ഷണം എന്നിവ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. വിമുക്തി പദ്ധതിയുടെ ഭാഗമായി ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയം ഉൾക്കൊണ്ട് ഫുട്ബോൾ മത്സരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി.<br><br>മദ്യത്തിനടിമകളായ 17 പേരെ ലഹരി വിമുക്ത ചികിത്സയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. "ഡ്രോപ് ഔട്ട് ഫ്രീ" വയനാട് പദ്ധതി പ്രകാരം 169 കുട്ടികളെ സ്കൂളിൽ എത്തിക്കുകയും 7 കുട്ടികൾക്ക് തുടർ പഠന സൗകര്യമൊരുക്കുകയും 68 പേർക്ക് പി.എസ്.സി ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിന് സഹായിക്കുകയും, ഗോത്രകിരണത്തിന്റെ ഭാഗമായി 83 പി.എസ്.സി പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | ജനമൈത്രി എക്സൈസ് ആദിവാസി മേഖലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) ജനമൈത്രി എക്സൈസ് ആദിവാസി മേഖലയിൽ 370 ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസുകളും, 2177 കോളനി സന്ദർശനങ്ങളും 5 മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്. പ്രളയത്തിൽ നശിച്ച 3 കിണറുകൾ ശുചീകരിക്കുകയും 26 വീടിന്റെ അറ്റകുറ്റപ്പണി ചെയ്ത് കൊടുക്കുകയും, 8 ശൗചാലയം നിർമ്മിച്ച് നൽകിയിട്ടുള്ളതുമാണ്. പ്ലസ് ടു പാസ്സായ എസ്.റ്റി വിഭാഗത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് മോട്ടിവേഷൻ ക്ലാസ്സുകളും 68 പേരെ പി.എസ്.സി ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യിപ്പിച്ചിട്ടുള്ളതും 7 പേർക്ക് തുടർ പഠന സൗകര്യമൊരുക്കിയിട്ടുള്ളതും, പി.എസ്.സി പരിശീലന പരിപാടി ഗോത്രകിരണം എന്ന പേരിൽ 83 പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളതുമാണ്. ടി മേഖലയിൽ നിന്നും 169 കുട്ടികളെ "ഡ്രോപ്പ് ഔട്ട് ഫ്രീ" വയനാട് പദ്ധതിയിൽപ്പെടുത്തി സ്കൂളിൽ എത്തിച്ചിട്ടുണ്ട്.<br><br>വിമുക്തി പദ്ധതിയിൽപ്പെടുത്തി ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയം ഉൾക്കൊണ്ട് 10 ഫുട്ബോൾ മത്സരങ്ങളും, നിയമ ബോധവൽക്കരണം, വിമുക്തി പരിശീലനം എന്നിവയും നൽകിയിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ട 17 പേരെ ലഹരി വിമുക്ത ചികിത്സക്ക് വിധേയമാക്കിയിട്ടുള്ളതുമാണ്. കിടപ്പിലായ 2 രോഗികൾക്ക് വാട്ടർ ബെഡ് സംവിധാനവും, 3 പേർക്ക് ചികിത്സാ സംവിധാനവും ഏർപ്പാടാക്കി |

നൽകിയിട്ടുണ്ട്. ആദിവാസി കോളനിയിലെ 2 സ്ഥലങ്ങളിൽ കുടിവെള്ള വിതരണം ഏർപ്പെടുത്തിയതോടൊപ്പം 4 കോളനികളിൽ വസ്ത്ര വിതരണവും നടത്തിയിട്ടുള്ളതാണ്. വികലാംഗ കോർപ്പറേഷനിൽ നിന്നും പഞ്ചായത്തിൽ നിന്നും 3 ഇലക്ട്രോണിക്സ് വീൽ ചെയറും സ്കൂട്ടറും അനുവദിപ്പിച്ച് നൽകിയിട്ടുള്ളതുമാണ്. ടി പ്രവർത്തനങ്ങൾ തുടർന്നും നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**